പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 11/07/2014 -ൽ മറുപടിക്ക്
നമ്പർ: 7229

## അണ്ടർ വാല്യുവേഷൻ കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, കെ. മുരളീധരൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) രജിസ്ട്രേഷൻ വകുപ്പിൽ അണ്ടർ വാല്യുവേഷൻ കേസുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | എ) ഉണ്ട്. 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിലെ 9(1)(സി) വകുപ്പിന്റെ അടിസ്ഥാനത്തിൽ ടി നിയമത്തിലെ 45 ബി വകുപ്പുപ്രകാരം നടപടി സ്വീകരിച്ച അണ്ടർവാല്യുവേഷൻ കേസുകളിൽ തീരുമാനമാകാതെ കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനായി പൊതുതാത്പര്യാർത്ഥം മുദ്രവില/ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഇളവു നൽകിക്കൊണ്ട് കോമ്പൗണ്ടിംഗ് പദ്ധതി നടപ്പിലാക്കിയിരുന്നു. ടി പദ്ധതിയുടെ കാലാവധി 31/03/2014 ൽ അവസാനിച്ചു. |
| ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | ബി) ആധാരങ്ങളിൽ വില കുറച്ചുകാണിച്ചതുമായി ബന്ധപ്പെട്ട് 1986 മുതൽ 31/03/2012 വരെ കാലയളവിലുള്ള കുടിശ്ശിക അണ്ടർ വാല്യുവേഷൻ കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കി സർക്കാരിലേക്ക് ലഭിക്കാനുള്ള റവന്യൂ വരുമാനം സമാഹരിക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| സി) പദ്ധതി നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ? | സി) ഈ പദ്ധതിയിലൂടെ 31/03/2014 വരെ 1,31,174 കേസ്സുകൾ തീർപ്പാക്കിയതിലൂടെ 30.36 കോടി രൂപ സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.